പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2750 **28-10-2026-ൽ മറുപടിയ്ക്ക്**

മൺട്രോതുരുത്ത് ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ഉല്ലാസ് കോവൂർ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) കൊല്ലം ജില്ലയിലെ മൺട്രോതുരുത്ത് ഗ്രാമപഞ്ചായത്തിൽ നിലവിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: നിലവിൽ മൺറോതുരുത്ത് ഗ്രാമപഞ്ചായത്തിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നുണ്ട്. ജല ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി മൺറോതുരുത്ത് പഞ്ചായത്ത് 'ഹർ ഘർ ജൽ' (Har Ghar Jal) പഞ്ചായത്തായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെടുത്തി മൺറോതുരുത്ത് പഞ്ചായത്തിൽ ₹8.33 കോടിയുടെ ഭരണാനുമതിയോടെ 62 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനും 8 കിലോമീറ്റർ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ, ദ്വീപ് നിവാസികൾക്ക് കുടിവെള്ള ലഭ്യത കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ജൽ ജീവൻ മിഷന്റെ ഭാഗമായി പനയം, തൃക്കരുവ, പെരിനാട്, മൺറോതുരുത്ത് എന്നീ പഞ്ചായത്തുകൾക്കായുള്ള സംയുക്ത കുടിവെള്ള പദ്ധതി ജല ജീവൻ മിഷന്റെ ഭാഗമായി വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നു. വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം രൂക്ഷമാകുന്ന പ്രദേശങ്ങളിൽ അധിക സമയം പമ്പിംഗ് നടത്തിയും വാൽവുകൾ ക്രമീകരിച്ചും കുടിവെള്ള വിതരണം സുഗമമായി ഉറപ്പ് വരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(ബി) പ്രസ്തുത പഞ്ചായത്തിൽ കുടിവെള്ളമെത്തിക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) വേനൽക്കാലത്തും സമാന സാഹചര്യങ്ങളിലും ദ്വീപ് നിവാസികൾക്ക് തടസ്സമില്ലാതെ കുടിവെള്ളം ലഭ്യമാക്കുന്നതിനായി ശാശ്വതമായ എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ